File No.FWLD-D3/18/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 856

30.01.2019-ൽ മറുപടിയ്ക്ക്.

<u>വന്യജീവി സങ്കേതങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

| <u>ചോദ്യം</u><br><br>ശ്രീ.സി. ദിവാകരൻ | <u>ഉത്തരം</u><br><br>അഡ്വ.കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ താഴെ പറയും പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1 . ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)<br><br>2. പ്രോജക്ട് എലിഫന്റ്<br><br>3. പ്രോജക്ട് ടൈഗർ<br><br>4. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്<br><br>5.നീലഗിരി ബയോസ്ഫിയർ റിസർവ് |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും ഇവയിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തവും വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്തെ 1 5 വന്യജീവി സങ്കേതങ്ങളുടെയും, 5 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും, ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) എന്ന പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. കേരളത്തിലെ പെരിയാർ, പറമ്പിക്കുളം എന്നീ കടുവാ സങ്കേതങ്ങളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗറിലൂടെ ധനസഹായം ലഭിക്കുന്നുണ്ട്. ഇതു കൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും, വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (A B R) നീലഗിരി ബയോസ്ഫിയർ റിസർവ്വ് (N B R) എന്നിവയും നടപ്പിലാക്കി വരുന്നു.<br><br>പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 6 0 : 4 0 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർ ത്തനങ്ങൾ ക്ക് 6 0 % ഉം, റിക്കറിംഗ് പ്രവർ ത്തനങ്ങൾ ക്ക് 50%-ഉം ആണ് കേന്ദ്രവിഹിതം. |

സെക്ഷൻ ഓഫീസർ